Transport Department) എന്ന പേരിൽ ബിൽഡ് ഓപ്പറേറ്റ്, മെയിന്റയിൻ ആന്റ് ട്രാൻസ്ഫർ (BOMT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ 20-2-2003-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചു. അതനുസരിച്ച് സി. എസ്. പി.-യെ തെരഞ്ഞെടുക്കുന്നതിനായി 2003-ൽ ടെണ്ടർ വിളിച്ചു. ഈ ടെണ്ടറിൽ താഴെ പറയുന്ന രണ്ടു കമ്പനികൾ മാത്രമേ ക്വാളിഫൈ ചെയ്തിട്ടുള്ളു. (1) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് (2) കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ്. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ടു ചെയ്ത ഇൻഡ്യാ ഗവൺമെന്റ് സ്ഥാപനമായ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിനെ തെരഞ്ഞെടുക്കുന്നതിനുള്ള ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ ശുപാർശ പരിശോധിച്ച് വരുന്നു.

പഴക്കം വന്ന ബസ്സുകളുടെ ലേലം

79 [3513] *ശ്രീ. എ. കെ. ബാലൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ ആകെ എത്ര ബസ്സുകളാണ് ഉള്ളത്;

(ബി) ഇതിന്റെ 10 വർഷത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ ഉണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ പഴക്കം ചെന്ന ബസ്സുകൾ ലേലം ചെയ്ത് വിറ്റിട്ടുണ്ടോ;

(ഡി) പഴക്കം ചെന്ന ബസ്സുകൾ ലേലം ചെയ്ത് വിറ്റ വകയിൽ കെ. എസ്. ആർ. ടി. സി. ക്ക് എത്ര രൂപ ലഭിച്ചിട്ടുണ്ട്; എത്ര ബസ്സുകൾ ലേലം ചെയ്ത് വിറ്റ വകയിൽ ആണ് പ്രസ്തുത തുക ലഭിച്ചിട്ടുള്ളത്?

ഉത്തരം

(എ) 4642 ബസ്സുകൾ.

(ബി) 715 ബസ്സുകൾ.

(സി) ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഴക്കം ചെന്ന ബസ്സുകൾ ലേലം ചെയ്ത് വിറ്റ വകയിൽ 1,11,28,197 രൂപ ലഭിച്ചിട്ടുണ്ട്. 223 ബസ്സുകൾ ലേലം ചെയ്തതിൽ നിന്നാണ് പ്രസ്തുത തുക ലഭിച്ചത്.

'കോച്ച് ബിൽഡർ' നിയമനം

80 [3514] *ശ്രീ. ഡി. സുഗതൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ 'കോച്ച് ബിൽഡർ' തസ്തികയിലേക്ക് പി. എസ്. സി. അഡ്വൈസ് ചെയ്ത മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോച്ച് ബിൽഡർമാരുടെ ഇപ്പോഴത്തെ അനുവദനീയ എണ്ണം 180 ആണ്. 150 പേർ നിലവിൽ സർവ്വീസിൽ ഉണ്ട്. 30 പേർക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമന ഉത്തരവ് നൽകി കഴിഞ്ഞു. അതിനാൽ നിലവിൽ ഒഴിവുകളില്ല. .

തൃശ്ശൂരിൽനിന്നും അന്തർസംസ്ഥാന സർവ്വീസുകൾ

81 [3515] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. എത്ര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അന്തർസംസ്ഥാന സർവ്വീസിൽ നിന്നും ഓരോ വർഷവും ലഭിക്കുന്ന വരുമാനം എത്ര; 2001 മുതൽ ഓരോ വർഷവും ലഭിച്ച വരുമാനം എത്ര;

(സി) പുതിയതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) തൃശ്ശൂരിൽ നിന്നും ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഗോവ, ജയ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 983 ട്രിപ്പുകൾ അന്തർസംസ്ഥാന സർവ്വീസായി ഓടിക്കുന്നു.

(ബി) അന്തർസംസ്ഥാന സർവ്വീസിൽ നിന്നും മാത്രമായി ലഭിക്കുന്ന വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഉണ്ട്. തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും. ഇത് സംബന്ധിച്ച് തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ എസ്.റ്റി.യു.കളുമായി പ്രാരംഭ ചർച്ച നടത്തുകയുണ്ടായി. എന്നാൽ ഇതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) തൃശ്ശൂരിൽ നിന്നും ബാംഗ്ലൂരിലേക്ക് നിലവിൽ സർവ്വീസുകൾ നടത്തുന്നുണ്ട്. എസ്.റ്റി.യു.മായി ചർച്ച ചെയ്തതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly